ടെലിഫോൺ : 0471-2512585/2638
തിരുവനന്തപുരം
പിൻ-695 033

ഭരണഭാഷ-മാതൃഭാഷ
ഫാക്സ് : 0471-2305891
E-mail: cpst@niyamasabha.org
Website: www.niyamasabha.org

# പാർലമെന്ററി പഠന പരിശീലന കേന്ദ്രം
# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നമ്പർ : 2732/സി.പി.എസ്.ടി എ 2/2015/നി.സെ.

തിരുവനന്തപുരം,
05.12.2015.

## വിജ്ഞാപനം

വിഷയം :- കേരള നിയമസഭാ സെക്രട്ടേറിയറ്റ് - ജി. കാർത്തികേയൻ മാധ്യമ അവാർഡ് സംബന്ധിച്ച്.

..............

ജനാധിപത്യസംവിധാനത്തെയും പാർലമെന്ററിനടപടികളെയും സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും നിയമസഭാ നടപടികളെ സംബന്ധിച്ച റിപ്പോർട്ടിംഗ് പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള നിയമസഭ ഈ വർഷം മുതൽ, മുൻ സ്പീക്കർ ജി. കാർത്തികേയന്റെ നാമധേയത്തിൽ മാധ്യമ അവാർഡ് ഏർപ്പെടുത്തുന്നു.

- പ്രിന്റ് മീഡിയ, വിഷ്വൽ മീഡിയ വിഭാഗങ്ങൾക്കായി പ്രത്യേകം അവാർഡുകൾ ഉണ്ടായിരിക്കും.
- ഓരോ വിഭാഗത്തിനും 50000/- രൂപയുടെ ക്യാഷ് പ്രൈസ്, പ്രശസ്തിപത്രം, മെമന്റോ എന്നിവ അടങ്ങുന്നതാണ് അവാർഡ്.
- 2014 ഡിസംബർ 01 മുതൽ 2015 നവംബർ 30 വരെ കേരളത്തിൽനിന്നും പ്രസിദ്ധീകരിച്ച നിയമസഭാ നടപടികളെ സംബന്ധിച്ച മലയാളം/ഇംഗ്ലീഷ് റിപ്പോർട്ടുകൾ/ഫീച്ചറുകൾ/ലേഖനങ്ങൾ എന്നിവയാണ് പ്രിന്റ് മീഡിയ വിഭാഗത്തിൽ പരിഗണിക്കുന്നത്.
- 2015-ലെ വിഷ്വൽ മീഡിയ അവാർഡിനായി 2014 ഡിസംബർ 01 മുതൽ 2015 നവംബർ 30 വരെ സംപ്രേഷണം ചെയ്ത നിയമസഭാ നടപടികളെ സംബന്ധിച്ച 30 മിനിറ്റിൽ കവിയാത്ത റിപ്പോർട്ട്/ഷോർട്ട് ഫിലിം/പ്രോഗ്രാം എന്നിവയാണ് പരിഗണിക്കുന്നത്.
- ഒരാൾക്ക് 3 എൻട്രികൾ അയക്കാവുന്നതാണ്.

റിപ്പോർട്ടുകൾ/ഫീച്ചറുകൾ/ലേഖനങ്ങൾ/DVD എന്നിവയുടെ അഞ്ചു കോപ്പികൾ, റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചത്/സംപ്രേഷണം ചെയ്തത് സംബന്ധിച്ച് സ്ഥാപന മേധാവിയുടെ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷകൾ 2015 ഡിസംബർ 20-നകം അണ്ടർ സെക്രട്ടറി, പാർലമെന്ററി പഠന പരിശീലന കേന്ദ്രം, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം-33 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

അവാർഡിനെ സംബന്ധിച്ച വിശദമായ സ്കീമും അപേക്ഷാ ഫോമും കേരള നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റായ www.niyamsabha.org-യിൽ ലഭ്യമാണ്.

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.